## പാഠം 16

പേന എന്ന വാക്ക് സാർവത്രികമായി ഉപയോഗിക്കുന്ന നാമവും വസ്തുവുമാണല്ലോ. പെൻ, പേന എന്നീ നാമങ്ങളാണ് നാമതിന് ഉപയോഗിക്കാറുള്ളത്. അറബിയിൽ പേനക്ക് **ഖലം** എന്നു പറയുന്നു. ഖലം എന്നാൽ പേന. ഈ നാമം മനസ്സിലുറപ്പിച്ച ശേഷം എഴുതുക.
(ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)



| قَلَم | ഖലം قَ لَ مْ | مْ | لَ | قَ |
|---|---|---|---|---|
| എഴുതുന്ന രൂപം | **പേന** | **മ്** | **ല** | **ഖ** |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക. ഖലമ് എന്നു പറയേണ്ട. ഖലം എന്നു പറഞ്ഞാൽ മതി.

---

പുസ്തകം അറബിയിൽ പറയുന്നത് **കിതാബ്** എന്നാണ്. ഇത് നമുക്ക് സുപരിചിത വാക്കാണല്ലോ. എന്നാലും ഓർക്കുക, കിതാബ് എന്നാൽ പുസ്തകം.



| كِتَاب | كِ تَ ا بْ<br>**കിതാബ്** | بْ | ا | تَ | كِ |
|---|---|---|---|---|---|
| എഴുതുന്ന രൂപം | **പുസ്തകം** | **ബ്** | **ാ** | **ത** | **കി** |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

സാധാരണ ബോർഡ്, ഫലകങ്ങൾ തുടങ്ങിയ സാധനങ്ങൾ നമ്മുടെ നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ്. മൊത്തത്തിൽ ബോർഡ് എന്നാണ് നാം അതിനൊക്കെ പറയാറുള്ളത്. അറബിയിൽ അതിന് **ലൗഹ്** എന്നു പറയുന്നു. ലോഹാ എന്ന് സംസാരഭാഷയിൽ അറബികൾ പറയാറുണ്ട്. ലൗഹ് എന്നാൽ ബോർഡ് എന്നർഥം.

| لَوْح | ലൗഹ് لَ وْ ح | ح | وْ | لَ |
|---|---|---|---|---|
| എഴുതുന്ന രൂപം | **ബോർഡ്** | **ഹ്** | **വ്** | **ല** |


കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക. ലവ്ഹ് എന്നു പറയില്ല. ലൗഹ് എന്നാണ് ഉച്ചരിക്കേണ്ടത്.

---

കൂട്ടിയെഴുതുന്ന രൂപം:

| | | |
|---|---|---|
| ഖലം | قَلَمْ | قَ لَ مْ |
| കിതാബ് | كِتَابْ | كِ تَ ا بْ |
| ലൗഹ് | لَوْح | لَ وْ ح |

അക്ഷരങ്ങൾ എഴുതുന്ന രീതി



1 താഴെ എഴുതിയ വാക്ക് വായിച്ച് കൂട്ടിയെഴുതുക:

ك ت ب، م ح ل

2. താഴെ കൊടുത്ത വാക്കുകൾ അറബിയിൽ എഴുതുക:
തല, കതബ, ലംഹ്, ബഖല, മഹൽ